**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2968** **21/08/2017 ൽ മറുപടിയ്ക്ക്**

**കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് :** | | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** | |
| (എ) | കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റത്തിൽ മാനദണ്ഡങ്ങൾ ലംഘിക്കുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കോടതിവിധികളെത്തുടർന്ന് ഒരു ഓഫീസിലെ ഒരു തസ്തികയിൽ ഒന്നിൽക്കൂടുതൽ പേരെ നിലനിർത്തേണ്ടതായി വന്നിട്ടുണ്ടോ; | (ബി) | 2017 ലെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനെതിരെ കൃഷി അസിസ്റ്റന്റുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും താൽക്കാലിക സ്റ്റേ സമ്പാദിച്ചിട്ടുള്ളതിനാൽ ടി ജില്ലകളിലേക്ക് അലോട്ട് ചെയ്ത സമാന എണ്ണം കൃഷി അസിസ്റ്റന്റുമാർക്ക് നിയമനം നൽകുന്നതിന് സാധിക്കാത്തതിനാൽ ഇവരെ അധികമായി നിലനിർത്തിയിട്ടുണ്ട്. |
| (സി) | പൊതുമാനദണ്ഡങ്ങൾക്ക് അനുസൃതമായി അപേക്ഷിച്ച കൃഷി അസിസ്റ്റന്റുമാർക്ക് സ്ഥലംമാറ്റം നൽകാൻ നപടി സ്വീകരിക്കുമോ; | (സി) & (ഡി) | പൊതുമാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്ഥലംമാറ്റം നൽകുന്നതിന് അപേക്ഷിച്ച കൃഷി അസിസ്റ്റന്റുമാർക്ക് അപേക്ഷയിലെ മുൻഗണനാക്രമം അനുസരിച്ച് സ്ഥലംമാറ്റം നൽകുന്നുണ്ട്. അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റത്തിൽ കടന്നുകൂടിയ ക്രമക്കേടുകൾ അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**